# പതിനാലാം കേരള നിയമസഭ
# (നാലാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2880** **10.03.2017-ൽ മറുപടിയ്ക്ക്**

## ഉൾനാടൻ മത്സ്യകൃഷി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ബി.ഡി. ദേവസ്സി<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ.യു. ആർ. പ്രദീപ്<br>ശ്രീ.എം. സ്വരാജ് | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
| എ) സംസ്ഥാനത്ത് ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കാമോ; | എ) കേരള സർക്കാർ ഫിഷറീസ് വകുപ്പ് മുഖേന ഉൾനാടൻ മത്സ്യകൃഷിക്കായി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) മത്സ്യകേരളം പദ്ധതിയിൽ ഇനിയും ഉൾപ്പെടുത്തിയിട്ടില്ലാത്ത പഞ്ചായത്തുകളെ ഈ പ്രോജക്ടുകളിൽ ഉൾപ്പെടുത്തുന്നതിനും പ്രോജക്ടുകൾ നടക്കുന്ന പഞ്ചായത്തുകളിൽ കോ-ഓർഡിനേറ്റർമാർ ഇല്ലാത്ത സ്ഥലങ്ങളിൽ പുതുതായി കോ-ഓർഡിനേറ്റർമാരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കുമോ; | ബി) കേരള സർക്കാർ ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന മത്സ്യസമൃദ്ധി II പദ്ധതി സംസ്ഥാനത്തെ ഉൾനാടൻ മേഖലയിലെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തുന്നതിന് ഊന്നൽ നൽകുന്നു. ഉൾനാടൻ മത്സ്യകൃഷിക്ക് സാദ്ധ്യതയുള്ള ഭൂരിഭാഗം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും അക്വാകൾച്ചർ കോ-ഓർഡിനേറ്റർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്; |
| സി) ഉൾനാടൻ മത്സ്യകൃഷി നടത്തുന്ന മത്സ്യ തൊഴിലാളികൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ ? | സി) ഉൾനാടൻ മത്സ്യകൃഷി നടത്തുന്ന മത്സ്യ കർഷകർക്ക് മത്സ്യവിത്ത്, മത്സ്യത്തീറ്റ, വിള ഇൻഷ്വറൻസ്, മത്സ്യകൃഷിയെ സംബന്ധിക്കുന്ന ബോധവൽക്കരണവും പരിശീലന പരിപാടികളും തുടങ്ങിയ സാമ്പത്തികവും സാങ്കേതികവുമായ പല ആനുകൂല്യങ്ങളും നൽകി വരുന്നു. |

**സെക്ഷൻ ആഫീസർ**

# അനുബന്ധം

കേരള സർക്കാർ ഫിഷറീസ് വകുപ്പ് മുഖേന ഉൾനാടൻ മത്സ്യകൃഷിക്കായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 2015-18 വർഷ കാലയളവിൽ കേരളത്തിലെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ ഫിഷറീസ് വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് മത്സ്യസമൃദ്ധി II പദ്ധതി. പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിവരുന്ന വിവിധ ഘടക പദ്ധതികൾ ചുവടെ ചേർക്കുന്നു.

- കുളങ്ങളിലെയും ഇതര ജലസംഭരണികളിലെയും ശുദ്ധജല മത്സ്യകൃഷി
- പാടശേഖരങ്ങളിലെയും കോൾ പാടങ്ങളിലേയും മത്സ്യ/ആറ്റുകൊഞ്ചു കൃഷി
- സംയോജിത മത്സ്യകൃഷി
- പൊക്കാളി / കൈപ്പാടു നിലങ്ങളിലെയും സ്വകാര്യ കുളങ്ങളിലെയും ചെമ്മീൻ കൃഷി
- കരിമീൻ മിനി ഹാച്ചറികൾ
- കുളങ്ങളിലെ കരിമീൻ കൃഷി
- അടുക്കളക്കുളങ്ങൾ
- കൂടുകളിലെ കരിമീൻ കൃഷി
- ഞ ണ്ടു പരിപോഷണം / ഞ ണ്ടു കൃഷി
- കല്ലുമ്മേക്കായ കൃഷി
- മാതൃകാ കൂടുകൃഷി യൂണിറ്റുകൾ
- മാതൃകാ മത്സ്യഫാമുകൾ
- പടുതാക്കുളങ്ങളിലെ മത്സ്യകൃഷി
- പൊതുജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള ഓപ്പൺ വാട്ടർ റാഞ്ചിംഗ്

ഫിഷറീസ് വകുപ്പ് മുഖേന 2016-17 സാമ്പത്തിക വർഷം 50% കേന്ദ്രാവിഷ്കൃത പദ്ധതിയായ ബ്ലൂറെവല്യൂഷൻ പദ്ധതിപ്രകാരം ശുദ്ധജല മത്സ്യ കൃഷിക്കായി പുതിയ കുളങ്ങൾ നിർമ്മിക്കുന്നതിനും, നിലവിലുള്ള കുളങ്ങൾ പുനരുദ്ധാരണം ചെയ്യുന്നതിനും ഓരുജലാശയങ്ങളിലെ കൂടുകൃഷി, കടലിലെ കൂടുകൃഷി, മത്സ്യകർഷകർക്കുള്ള പരിശീലനം, എന്നീ പദ്ധതി ഘടകങ്ങൾക്കായി 1802.60 ലക്ഷം രൂപയുടെ അംഗീകാരം ലഭിക്കുകയും പദ്ധതി നടപ്പിലാക്കുന്നതിനായി ആദ്യഗഡുവായി 400 ലക്ഷം രൂപ മത്സ്യകർഷകവികസന ഏജൻസികൾക്ക് അനുവദിച്ചു നൽകുകയും ചെയ്തിട്ടു ണ്ട്. ഇത് കൂടാതെ പൊതുജലാശയങ്ങളിൽ മത്സ്യ/കൊഞ്ച് വിത്ത് നിക്ഷേപിക്കുന്ന ഓപ്പൺ വാട്ടർ റാഞ്ചിംഗ് പദ്ധതി പ്രകാരം 2016-17 സാമ്പത്തിക വർഷം 102.34678 ലക്ഷം രൂപയും ജില്ലകൾക്ക് അനുവദിച്ചു നൽകിയിട്ടു ണ്ട്.

കൂടാതെ സംസ്ഥാനത്തെ ഉൾനാടൻ മത്സ്യലഭ്യത വർദ്ധിപ്പിക്കുന്നതിനും നൂതന മത്സ്യകൃഷി രീതി വ്യാപിപ്പിക്കുന്നതിനുമായി നൂതന മത്സ്യകൃഷിയുടെ പ്രദർശനകുളങ്ങൾ നടപ്പിലാക്കുന്നതിന് 2016-17 സാമ്പത്തിക വർഷം 550 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും, ആയതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടു ണ്ട്. ഓരുജലമത്സ്യങ്ങളുടെ സമ്മിശ്രമത്സ്യകൃഷി, ഓരുജലമത്സ്യങ്ങളുടെ കൂടുകൃഷി, റിസർവോയറുകളിലെ കൂടുകൃഷി, SPF കാരചെമ്മീൻ കൃഷി, ആറ്റുകൊഞ്ചുകൃഷി,

റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, സമുദ്രങ്ങളിലെ ചിപ്പി, കല്ലുമ്മേക്കായ് കൃഷി, ഗിഫ്റ്റ് കൃഷി, നാരൻ ചെമ്മിൻ കൃഷി, അന്തരീക്ഷവായു ശ്വസിക്കുന്ന മത്സ്യങ്ങളുടെ കൃഷി എന്നീ ഘടകങ്ങളാണ് ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

സംസ്ഥാനത്ത് ശുദ്ധജല മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് അഡാക്ക് മുഖാന്തിരം ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി കോൾ നിലങ്ങളിലെ ഒരു നെല്ലും ഒരു മീനും പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ പൊക്കാളി നിലങ്ങളിലെ പരിസ്ഥിതി സൗഹൃദ ചെമ്മീൻ കൃഷി, കുട്ടനാട്-കോൾ നിലങ്ങളിലെ ഒരു നെല്ലും ഒരു മീനും പദ്ധതി, കൈപ്പാട് നിലങ്ങളിലെ നെൽ-ചെമ്മീൻ കൃഷി, പെൻ മത്സ്യകൃഷി, കൂടുകളിലെ മത്സ്യകൃഷി, പരമ്പരാഗത മത്സ്യസമ്പത്ത് സംരക്ഷണം, വെള്ളായണി കായലിലും പാതിരാമണലിലും മത്സ്യസങ്കേതം സ്ഥാപിക്കൽ, പൊതുജലാശയങ്ങളിലും ജലസംഭരണികളിലും മത്സ്യവിത്ത് നിക്ഷേപിക്കൽ, ഓരുജല മത്സ്യകൃഷി തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടു ണ്ട്. നൂതന ജലകൃഷി പദ്ധതിയിലുൾപ്പെടുത്തി അഡാക്ക് ഫാമുകളിൽ ഓരുജല സമ്മിശ്ര മത്സ്യകൃഷി, സമുദ്രമത്സ്യങ്ങളുടെ കൂടു കൃഷി, വനാമി കൃഷി എന്നിവ നടപ്പിലാക്കി. പൊതുജലാശയങ്ങളിലേക്ക് വ്യാപിച്ച് പാരിസ്ഥിതിക പ്രശ്നങ്ങൾ ഉ ണ്ടാവാതിരിക്കാനുള്ള മുൻകരുതലുകൾ സ്വീകരിച്ച് ക്യാറ്റ്ഫിഷ്, ഗിഫ്റ്റ് തിലാപ്പിയ കൃഷിയും അഡാക്ക് മുഖേന നടപ്പിലാക്കി. പൊയ്യ ഫിഷ്ഫാമിൽ കരിമീൻ, പൂമീൻ,തിരുത സമ്മിശ്ര മത്സ്യകൃഷി, നവീന മത്സ്യ കൃഷിരീതികളായ കാളാഞ്ചികൃഷി, പൊംപാനോ (അമേരിക്കൻ ആവോലി) എന്നിവ യുടെകൃഷി നടപ്പിലാക്കിവരുന്നു. കർഷകർക്ക്ഗുണ നിലവാരമുള്ള പൂമീൻവിത്തുകൾ വിത രണം ചെയ്തു വരുന്നു. കൂടാതെ അഡാക്ക് മുഖേന കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിനു കീഴിൽ നാഷണൽ അഡാപ്റ്റേഷൻ ഫ ണ്ട് ഫോർ ക്ലൈമറ്റ് ചെയ്ഞ്ച് പദ്ധതി യിൽ ഉൾപ്പെടുത്തി നബാർഡിന്റെ സഹായത്തോടെ കൈപ്പാട്-പൊക്കാളി നിലങ്ങളിലെ സംയോജിത മത്സ്യ-നെൽകൃഷി എന്ന പദ്ധതി (2015-19) ആലപ്പുഴ (100 ഹെക്ടർ), എറണാകുളം (100 ഹെക്ടർ), തൃശൂർ (100 ഹെക്ടർ), കണ്ണൂർ(300 ഹെക്ടർ) എന്നീ ജില്ലകളിലായി നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതികൾ നടപ്പാക്കുക വഴി ഉൾനാടൻ മത്സ്യോല്പാദനത്തിൽ ഗണ്യമായ വർദ്ധനവ് ഉ ണ്ടാക്കുന്നതിനും നെൽകൃഷി ലാഭകരമായി നടത്തുന്നതിനും സാധിക്കും. കൂടാതെ പരിസ്ഥിതിലോല നീർത്തട പ്രദേശങ്ങളായ പൊക്കാളി പാടങ്ങൾ, കോൾ നിലങ്ങൾ എന്നിവയെ ഒരു പരിധി വരെ സംരക്ഷിക്കുന്നതിനും സാധിക്കും.

**സെക്ഷൻ ആഫീസർ**